## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

04.04.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം. 668

### മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ്<br>,, ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, സണ്ണി ജോസഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ സംവിധാനവും അപായ മുന്നറിയിപ്പും നൽകുന്നതിനായി വികസിപ്പിച്ചെടുത്ത നാവിക് എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇതിനകം എത്ര പേർക്ക് പ്രസ്തുത ഉപകരണം നൽകി; | (എ)<br>&<br>(ബി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ സംവിധാനവും അപായ മുന്നറിയിപ്പ് സംവിധാനവും ഫലപ്രദവും വിപുലവുമായ തോതിൽ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് പ്രകൃതി ക്ഷോഭങ്ങളും സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളിലെത്തിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള നാവിക് എന്ന ഉപകരണം മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതിനായി കടലിൽ വിജയകരമായി പരീക്ഷണം പൂർത്തിയാക്കിയിട്ടുണ്ട്. കെൽട്രോൺ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ടി ഉപകരണം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വ്യാവസായിക അടിസ്ഥാനത്തിൽ ഇവ നിർമ്മിച്ച് നൽകുന്നതിന് കെൽട്രോണുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | | |
| (സി) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുവാൻ കഴിയുന്ന മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സിയുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് വിജയകരമായി പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഉടൻ നടപ്പിലാക്കുന്നതാണ്. ആയതിനായി മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ എൻ.ഐ.സി യ്ക്ക് നൽകിയിട്ടുണ്ട് |
| (ഡി) | മറൈൻ ആംബുലൻസ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായി എത്ര കോടി രൂപയുടെ അനുമതിയാണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ? | (ഡി) | കടൽ രക്ഷാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറൈൻ ആംബുലൻസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 18.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ കൊച്ചിൻ ഷിപ്പ്യാർഡുമായി ബന്ധപ്പെട്ട് നിർമ്മിക്കുവാനാണ് ധാരണയായിട്ടുള്ളത്. ഒരു മറൈൻ ആംബുലൻസിന് 6.08 കോടി രൂപയാണ് ഏകദേശ നിർമ്മാണ ചെലവ്. അതനുസരിച്ച് 3 എണ്ണത്തിന് 18.24 കോടി രൂപ ചെലവ് വരും. ഇതിൽ ഒരു ആംബുലൻസിന്റെ വിലയായ 6.08 കോടി രൂപ |

| | | | |
|---|---|---|---|
| | | | ഭാരത് പെട്രോളിയം കമ്പനി ലിമിറ്റഡും ഒരെണ്ണത്തിന്റെ, നികുതിക്കും മെഡിക്കൽ ഉപകരണങ്ങൾക്കും പുറമെയുള്ള വിലയായ 5.6 കോടി രൂപയുടെ, പകുതി വിലയായ 2.80 കോടി രൂപ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡും അവരവരുടെ സി.എസ്.ആർ ഫണ്ടിൽ നിന്ന് അനുവദിക്കാമെന്ന് ധാരണയാ യിട്ടുണ്ട്. ഇതനുസരിച്ച് BPCL മായുള്ള ധാരണ പത്രം ഒപ്പിട്ട് കഴിഞ്ഞു. ഷിപ്പ് യാർഡുമായി CSR ഫണ്ടിനുള്ള ധാരണ പത്രം ഒപ്പിടൽ അന്തിമ ഘട്ടത്തിലാണ്. രണ്ടു കോടി രൂപ ഫിഷറീസ് വകുപ്പും 7.36 കോടി രൂപ സി.എം.ഡി.ആർ.എഫ് ൽ നിന്നുമാണ് ചെലവഴിക്കുന്നത്. ഒരു വർഷത്തിനകം കൊച്ചിൻ ഷിപ്പ് യാർഡ് ടി 3 മറൈൻ ആംബുലൻസുകളും നിർമ്മിച്ച് ഫിഷറീസ് വകുപ്പിന് കൈമാറുന്ന വിധം കൊച്ചിൻ ഷിപ്പ് യാർഡുമായി ധാരണാ പത്രത്തിൽ ഒപ്പിടുന്നതിനുള്ള നടപടികൾ ഉടനെ ഉണ്ടാകും. |

സെക്ഷൻ ഓഫീസർ